കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല- കുന്നമംഗലം ബ്ളോക്ക് പഞ്ചായത്ത്- മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 3281/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 30-11-2012

പരാമർശം :-
1. കുന്നമംഗലം ബ്ളോക്ക് പഞ്ചായത്തിന്റെ 22/6/2011 ലെ 3(5)നമ്പർ തീരുമാനം
2. ഗ്രാമവികസന കമ്മീഷണറുടെ 22/6/2012 ലെ 21339/ജെ.ആർ.വൈ2/11/സി.ആർ.ഡി നമ്പർ കത്ത്

<u>ഉത്തരവ്</u>

കുന്നമംഗലം ബ്ളോക്ക് പഞ്ചായത്തിന്റെ പഴയ കെട്ടിടം ഉപയോഗയോഗ്യമല്ലാത്തതിനാൽ പൊളിച്ചു മാറ്റുന്നതിനും വിവിധ സ്ഥലങ്ങളിൽ ഉയർന്ന വാടകക്ക് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സർക്കാർ ഓഫീസുകൾക്കും ബ്ളോക്ക് പഞ്ചായത്തിന്റെ ഓഫീസുകൾക്കും സുഗമമായി പ്രവർത്തിക്കുവാൻ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് ഗ്രാമവികസന വകുപ്പിന്റെ കൈവശത്തിലുള്ള കുന്നമംഗലം ബ്ളോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിലെ റി.സ. 496/ ഐ.എ2ബി യിൽപ്പെട്ട 1.64 ഏക്കർ സ്ഥലത്തു നിന്നും അൻപത് സെന്റ് സ്ഥലം വിട്ടുകൊടുക്കുന്നതിന് പരാമർശം (1) പ്രകാരം കുന്നമംഗലം ബ്ളോക്ക് പഞ്ചായത്ത് തീരുമാനിച്ചു.ഭൂമിയുടെ കൈവശാവകാശം ഗ്രാമവികസനവകുപ്പിൽ നിക്ഷിപ്തമായിരിക്കണമെന്നും അതിൽ ബ്ളോക്ക് പഞ്ചായത്തിന്റെ അധികാരാവശ്യങ്ങൾ നിലനിർത്തേണ്ടതാണെന്നും നിലവിലുള്ള ബ്ളോക്ക് പഞ്ചായത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിലും ,മിനി സിവിൽ സ്റ്റേഷനിൽ ഉണ്ടാവുന്ന അടിസ്ഥാന സൗകര്യങ്ങൾ ബ്ളോക്ക് പഞ്ചായത്തിനും ഉപയോഗിക്കാവുന്ന വിധത്തിലുമായിരിക്കണം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കേണ്ടതെന്ന് ഗ്രാമ വികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കുന്നമംഗലം ബ്ളോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിലെ റി.സ. 496/ ഐ.എ2ബി യിൽപ്പെട്ട 1.64 ഏക്കർ സ്ഥലത്തു നിന്നും അൻപത് സെന്റ് സ്ഥലം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടു നൽകുന്നതിന് കുന്നമംഗലം ബ്ളോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഭൂമിയുടെ കൈവശാവകാശം ഗ്രാമവികസനവകുപ്പിൽ നിക്ഷിപ്തമായിരിക്കേണ്ടതും അതിൽ ബ്ളോക്ക് പഞ്ചായത്തിന്റെ അധികാരാവശ്യങ്ങൾ നിലനിർത്തേണ്ടതുമാണ്
2. മിനി സിവിൽ സ്റ്റേഷനിൽ ഉണ്ടാവുന്ന അടിസ്ഥാന സൗകര്യങ്ങൾ ബ്ളോക്ക് പഞ്ചായത്തിനും ഉപയോഗിക്കാൻ കഴിയേണ്ടതാണ്

3. പൊളിച്ചു മാറ്റുന്ന പഴയ ബ്ളോക്ക് ഓഫീസ് കെട്ടിടം ,സാമഗ്രികൾ എന്നിവ എൽ എസ് ജി ഡി എഞ്ചിനീയർ നിശ്ചയിക്കുന്ന വാല്യുവേഷൻ തുകയിൽ കുറയാത്ത തുകക്ക് ലേലം ചെയ്ത് നൽകേണ്ടതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

To

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A കേരളം, തിരുവനന്തപുരം

സെക്രട്ടറി,കുന്നമംഗലം ബ്ളോക്ക് പഞ്ചായത്ത്,കോഴിക്കോട് 673 571

ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.